## വ്യക്തിപരമായ വിശദീകരണം

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ്, അങ്ങേയ്ക്ക് ചട്ടം 288 പ്രകാരം വ്യക്തിപരമായ വിശദീകരണം നൽകാവുന്നതാണ്.

## തെറ്റായ പരാമർശം സംബന്ധിച്ച്

ശ്രീ. പി. ടി. തോമസ്: സർ, കഴിഞ്ഞ ദിവസം ബഹുമാന്യനായ മുൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജൻ രാജിവയ്ക്കാനിടയായ സാഹചര്യങ്ങളെ സംബന്ധിച്ച് സഭയിൽ ഒരു പ്രസ്താവന നടത്തുകയുണ്ടായി. അതിൽ അദ്ദേഹത്തിന്റെ രാജിയുമായി യാതൊരു ബന്ധവുമില്ലാത്ത എന്റെ പേര് ഉപയോഗിക്കുകയും ഞാനും ശ്രീ. വി. ഡി. സതീശനും കാരണമാണ് അദ്ദേഹം രാജിവച്ചത് എന്ന് ഇവിടെ പരാമർശിക്കുകയുമുണ്ടായി. ഒരു മന്ത്രിയെ രാജിവയ്പിക്കാൻ ഞങ്ങൾ രണ്ടുപേരും കൂടി ശ്രമിച്ചത് കൊണ്ടാണെങ്കിൽ അതൊരു ക്രെഡിറ്റായി ഞങ്ങൾ എടുക്കുകയാണ്. യഥാർത്ഥ വസ്തുത, കഴിഞ്ഞ ഒരു മാസമായി ഞാൻ എന്റെ വ്യക്തിപരമായ ആവശ്യവുമായി ബന്ധപ്പെട്ട് കേരളത്തിന് പുറത്തായിരുന്നു. രാജിവച്ച ഒരു മന്ത്രിയുടെ പ്രസ്താവന സസൂക്ഷ്മം എല്ലാവരും വീക്ഷിക്കുന്നതാണ്. അദ്ദേഹം രാജിവച്ച ഒരു മന്ത്രിയാണ്, മുറിവേറ്റ ഒരു മന്ത്രിയാണ്. ആ പ്രസ്താവന എന്റെ പൊതുജീവിതത്തിലും എന്റെ സൽപ്പേരിനും വളരെയേറെ

കളങ്കപ്പെടുത്തുക ഉണ്ടായി. അത് എന്നെ മന:പൂർവ്വം ആക്ഷേപിക്കാനുള്ളതാണെന്ന് ഞാൻ വിചാരിക്കുകയാണ്. അതുകൊണ്ട് അത് രേഖയിൽ ഉണ്ടാകാൻ പാടില്ല. ഇതുസംബന്ധിച്ച് ഒരു വിശദീകരണം അങ്ങ് നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ചട്ടം 288 എന്ന് പറയുന്നത് അങ്ങയുടെ വ്യക്തിപരമായ വിശദീകരണമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ചട്ടം 303 എക്സ്പഞ്ച് ചെയ്യാനുള്ള റിക്വസ്റ്റ് കൂടി ഉണ്ട്.

മി. സ്പീക്കർ: അത് പരിശോധിക്കാം.